പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ -24 09-03-2015-ൽ മറുപടിയ്ക്ക്

## 'ലഹരി വിമുക്ത കേരളം ഐശ്വര്യ കേരളം' പദ്ധതി

ചോദ്യം:

ശ്രീ. എം. എ. വാഹീദ്
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. വി. റ്റി. ബൽറാം
ശ്രീ. വി. പി. സജീന്ദ്രൻ

ഉത്തരം:

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് 'മിഷൻ 676'ൽ ഉൾപ്പെടുത്തി 'ലഹരി വിമുക്ത കേരളം ഐശ്വര്യ കേരളം ' പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | പ്രഖ്യാപിച്ചിട്ടുണ്ട്. 'മിഷൻ 676'ൽ രണ്ടാമതായി ചേർത്തിട്ടുള്ള വികസന ക്ഷേമ സേവന ദൗത്യങ്ങളിൽ 28 -ാം നമ്പരായി 'ലഹരി വിമുക്ത കേരളം ഐശ്വര്യ കേരളം' പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട് . |
| (ബി) | എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | ലഹരവിമുക്ത കേരളം സാക്ഷാത്കരിക്കുന്നതിനായി സ്കൂൾ - കോളേജ് തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ വഴിയുള്ള ബോധവൽക്കരണം, കെ.എസ്.ആർ.ടി.സി, റെയിൽവേ സ്റ്റേഷൻ സി.സി.ടി.വി വഴിയുള്ള ബോധവൽക്കരണം, ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം, റെയിൽവേ സ്റ്റേഷനുകൾ വഴിയുള്ള ബോധവൽക്കരണ അനൗൺസ്മെന്റ്, കെ.എസ്.ആർ.ടി.സി ബസ്സിന്റെ സൈഡ് പാനൽ വഴിയുള്ള പരസ്യം, കൂടാതെ പട്ടികജാതി /പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ, അട്ടപ്പാടി, വയനാട് എന്നീ ആദിവാസി മേഖലകൾ കേന്ദ്രീകരിച്ച് പ്രത്യേക ബോധവൽക്കരണ പരിപാടികൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, നാഷണൽ സർവ്വീസ് സ്കീം, കുടുംബശ്രീ, സാമൂഹ്യ- സന്നദ്ധ സംഘടനകൾ എന്നിവയുമായി സഹകരിച്ച് കൊണ്ടുള്ള ബോധവൽക്കരണ പ്രവർത്തന |

| | | | |
|---|---|---|---|
| | | | ങ്ങൾ എന്നിവയാണ് 'മിഷൻ -676' വഴി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ. |
| (സി) | പദ്ധതികളെ സംബന്ധിച്ചിട്ടുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | | 'മിഷൻ-676' നോടനുബന്ധിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ രൂപരേഖ സർക്കാർ പരിശോധനയിലാണ്. അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ഡി) | പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ